പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3288 10.12.2018-ൽ മറുപടിക്ക്

നദീതീരങ്ങളുടേയും നദീ പ്രദേശങ്ങളുടേയും കയ്യേറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സജി ചെറിയാൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നദീതീരങ്ങളും നദീ പ്രദേശങ്ങളും കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ചെങ്ങന്നൂർ ഉത്തരപ്പള്ളി യാറിന്റെ കയ്യേറ്റം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഉത്തരപ്പള്ളിയാറിന്റെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെതിരെ കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ഉത്തരപ്പള്ളിയാറിന്റെ ഒഴുക്ക് നിലയ്ക്കുന്ന തരത്തിലുള്ള കയ്യേറ്റം ഒഴിവാക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടി കൾ വിശദമാക്കുമോ? | (സി) ഉത്തരപ്പള്ളിയാറിന്റെ കയ്യേറ്റം തിട്ടപ്പെടുത്തി അതിർത്തി പുനർനിർണ്ണയിക്കുന്നതിനും അതു വഴി ആറിനെ പുനരുദ്ധരിക്കുന്നതിനുമായുള്ള നടപടികളുടെ ഔപചാരിക ഉത്ഘാടനം 17.04.2017-ന് നടത്തിയിട്ടുള്ളതും രണ്ട് വില്ലേജുകളിൽ ഒഴികെ രണ്ട് ഘട്ടങ്ങളായി ഏകദേശം പൂർണ്ണമായിട്ടുള്ളതുമാണ്. വെൺമണി വില്ലേജിൽ - 33 കയ്യേറ്റങ്ങൾ, ആലാ വില്ലേജിൽ -14 കയ്യേറ്റങ്ങൾ, ചെറിയനാട് വില്ലേജിൽ - 2 കയ്യേറ്റങ്ങൾ, എന്നിങ്ങനെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ച് വരുന്നതുമാണ്. ആറിലെ ഒഴുക്ക് നിലച്ച് പോയ ഭാഗങ്ങൾ ഡ്രെഡ്ജ് ചെയ്ത് മണൽ നീക്കുന്നതിനായി മൈനർ ഇറിഗേഷൻ വിഭാഗത്തേയും ആറ്റിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും കാട് വെട്ടി തെളിക്കുന്നതിനും ആറ് കടന്നു പോകുന്ന വെൺമണി, ആല, ചെറിയനാട്, പുലിയൂർ, എണ്ണക്കാട് തുടങ്ങിയ പഞ്ചായത്തുകളെയും ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ